കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - ഭൂരഹിത ഭവന രഹിതർ - അർഹതാ പരിശോധന - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O (Ms) No. 92/2019/LSGD　　　　　　　　തിരുവനന്തപുരം, തീയതി, 16.07.2019.

പരാമർശം:- 1) 09.01.2017 - ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ
2) 31.07.2017 - ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ.
3) 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

### ഉത്തരവ്

പരാമർശം (2) ഉത്തരവിന് തുടർച്ചയായി സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ ഭൂരഹിത ഭവന രഹിതരെ കണ്ടെത്തുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെംമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംമ്പർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സ്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎസ്സ്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

# ഭൂരഹിത ഭവനരഹിതർ - മാർഗ്ഗരേഖ

പരാമർശം : 1) 09.01.2017-ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ

2) 31.07.2017-ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിത-ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിലെ ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ അതിന്റെ മൂന്നാംഘട്ടമായി ലക്ഷ്യമിടുന്നത് ഭൂരഹിത ഭവനരഹിതരെയാണ്.

സ്വന്തമായി ഭൂമിപോലും ഇല്ലാതെ വാടക വീടുകളിലോ പുറംപോക്ക് പ്രദേശങ്ങളിലെ അനധികൃത കുടിലുകളിലോ, തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവരാണ് ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിൽപ്പെടുന്നത്.

## ഗുണഭോക്താക്കൾ

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയും തുടർ അപ്പീലുകളുടെയും അടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തി ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച്, (പരാമർശം 1, 2 പ്രകാരം) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അന്തിമമാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

## ഭൂരഹിത ഭവനരഹിതരുടെ അർഹതാ മാനദണ്ഡം

1. സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ
2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ
4. സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.

5. സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.
6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

## ഗുണഭോക്തൃ അർഹതാ പരിശോധന

ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ നിലവിൽ 337416 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിലൂടെ പൂർണ്ണമായും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതുണ്ട്. അർഹതാ പരിശോധന നടത്തി അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

- തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ പരിശോധന 2019 ജൂലൈ 15-നകം പൂർത്തിയാക്കേണ്ടതാണ്.
- ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സമയക്രമം നിശ്ചയിച്ച് ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അറിയിപ്പ് നൽകേണ്ടതാണ്. ഓരോ വാർഡിലേയും ഗുണഭോക്താക്കൾ രേഖകളുമായി എത്തേണ്ട തീയതിയും സമയവും കൂടാതെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ വിവരവും, രേഖാപരിശോധനയ്ക്ക് കൊണ്ടുവരേണ്ട രേഖകളുടെ വിവരവും അറിയിപ്പിൽ ഉൾപ്പെടുത്തിയിരിക്കണം. ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം രേഖാ പരിശോധന നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതും ആയത് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
- ഗുണഭോക്താക്കൾ അർഹത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ സഹിതം അർഹതാപരിശോധനയിൽ പങ്കെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അറിയിപ്പ് നൽകേണ്ടതാണ്.
- ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമസഭാ തീയതിക്ക് മുമ്പുള്ള റേഷൻ കാർഡ്, സ്വന്തമായോ/ കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സാക്ഷ്യപത്രം,

വില്ലേജ് ആഫീസിൽ നിന്നുള്ള വാർഷിക വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (കാൻസർ രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, പക്ഷാഘാതത്താൽ തളർന്നുകിടക്കുന്നവർ, അൽഷിമേഴ്സ്, ഡയാലിസിസ് ചെയ്യുന്നവർ) ആധാർ കാർഡ്, തുടങ്ങിയ രേഖകളും അവയുടെ പകർപ്പുകളും ഹാജരാക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ, ലൈഫ് നോഡൽ ഓഫീസർ എന്നിവരടങ്ങുന്ന ഒരു ഉപസമിതി രൂപീകരിച്ച് അർഹതാപരിശോധന നടത്തേണ്ടതാണ്.
- അർഹതാ പരിശോധനയുമായി ബന്ധപ്പെട്ട് ഗുണഭോക്താവിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള (അനുബന്ധം - 1) സത്യപ്രസ്താവനയും, ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ടും (അനുബന്ധം-2) തയ്യാറാക്കി അധികൃതമാക്കേണ്ടതാണ്.
- ഏതെങ്കിലും ഗുണഭോക്താക്കളുടെ കാര്യത്തിൽ അർഹത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ/ സെക്രട്ടറിക്ക് വ്യക്തത ഇല്ലെങ്കിൽ കൂടുതൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ഫീൽഡ് പരിശോധന നടത്തുകയോ ചെയ്യാവുന്നതാണ്.
- രേഖാ പരിശോധനയ്ക്കും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധനയ്ക്കും ശേഷം അർഹരായവരുടെയും അനർഹരായവരുടെയും പട്ടിക നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതാണ്. അനർഹരായവരുടെ കാര്യത്തിൽ വ്യക്തമായ കാരണം കാണിച്ചിരിക്കണം.
- ഗ്രാമ/മുനിസിപ്പൽ സെക്രട്ടറിമാർ അർഹരായവരുടെയും അനർഹരായവരുടെയും ലിസ്റ്റ് തൊട്ടടുത്ത ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കേണ്ടതാണ്. അനർഹരായവരുടെ കാര്യത്തിൽ ഭരണസമിതിക്ക് വ്യത്യസ്ഥ അഭിപ്രായമുണ്ടെങ്കിൽ നിയമപ്രകാരമുള്ള തിരുമാനങ്ങൾ എടുക്കാവുന്നതും ആവശ്യമെങ്കിൽ സർക്കാരിന് റഫർ ചെയ്യാവുന്നതുമാണ്.
- ഏത് സാഹചര്യത്തിലും അനർഹർക്ക് ആനുകൂല്യം നൽകിയാൽ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിക്കും ആയിരിക്കും അതിന്റെ ബാധ്യത.
- ഭരണസമിതിയിൽ ഹാജരാക്കിയ അർഹരുടെയും അനർഹരുടെയും പട്ടിക ലൈഫ് മിഷൻ സോഫ്റ്റ്‌വെയറിൽ 2019 ജൂലൈ 30-നകം രേഖപ്പെടുത്തേണ്ടതാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള രേഖാ പരിശോധന സമയബന്ധിതമായി നടക്കുന്നുവെന്ന് ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ /നഗരകാര്യ റീജിയണൽ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ പരിശോധന സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നടപടി ക്രമങ്ങൾ യഥാസമയം പാലിക്കപ്പെടുന്നുണ്ടെന്ന് വിലയിരുത്തേണ്ടതാണ്.

അനുബന്ധം – 1

# ലൈഫ് മിഷൻ

## സത്യപ്രസ്താവന

..........................ജില്ലയിൽ ..........................

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ .................. ക്രമനമ്പരായി ഉൾപ്പെട്ടിട്ടുള്ള ശ്രീ./ശ്രീമതി ............ (പേരും മേൽവിലാസവും) എന്ന ഞാൻ നൽകുന്ന സത്യപ്രസ്താവന.

| | | | |
|---|---|---|---|
| 1 | സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു / പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത | ഉണ്ട് | ഇല്ല |
| 2 | ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമസഭാ തീയതിക്ക് മുമ്പുള്ള റേഷൻ കാർഡ് (ഒരു റേഷൻ കാർഡിന് ഒരു ഭവനം) | ഉണ്ട് | ഇല്ല |
| 3 | കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ | അതെ | അല്ല |
| 4 | സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം | അതെ | അല്ല |
| 5. | സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉള്ള കുടുംബം | അതെ | അല്ല |
| 6 | അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ | അതെ | അല്ല |

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിൽ പെട്ടിടത്തോളം വസ്തുതാപരവും സത്യസന്ധവുമാണെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു. സത്യപ്രസ്താവനയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന സാഹചര്യത്തിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിയമനടപടികൾ സ്വീകരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്.

തീയതി :

ഗുണഭോക്താവിന്റെ പേരും ഒപ്പും

☞(സത്യപ്രസ്താവന നിർവ്വഹണ ഉദ്യോഗസ്ഥൻ അധികൃതമാക്കണം.)

അനുബന്ധം – 2

## ലൈഫ് മിഷൻ

### ഭൂരഹിത ഭവനരഹിതരുടെ അർഹതാ പരിശോധനാ റിപ്പോർട്ട്

**ജില്ലയുടെ പേര്** :

**തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്** :

| ക്രമ നം. | ലൈഫ് ഐ.ഡി. നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നം | റേഷൻ കാർഡ് നം | ആധാർ നം. | ഫോൺ നം. | ഗുണഭോക്താവ് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ | | മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ രോഗവിവരം | മാനദണ്ഡ പ്രകാരം അർഹനാണോ | | മാനദണ്ഡ പ്രകാരം അർഹനല്ലെങ്കിൽ കാരണം | സ്വന്തമായി ഭൂമി ആർജ്ജിക്കാൻ കഴിയുമോ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | അതെ | അല്ല | | അതെ | അല്ല | | | |
| | | | | | | | | | | | | | | |
| 1 | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | |

**ഉപസമിതി അംഗങ്ങളുടെ പേരും ഒപ്പും**

1. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി –
2. നിർവ്വഹണ ഉദ്യോഗസ്ഥൻ –
3. നോഡൽ ഓഫീസർ (ലൈഫ്)